# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : T *657 — 12..07..2012-ൽ മറുപടിക്ക്.

### ചെറുകിട വ്യാപാര മേഖലയിൽ വിദേശ നിക്ഷേപം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ. പി. ജയരാജൻ<br>ശ്രീ. എ.കെ.ബാലൻ<br>ശ്രീ. എ. പ്രദീപ് കുമാർ<br>ശ്രീ. എസ്.ശർമ്മ | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) ചെറുകിട വ്യാപാരമേഖലയിൽ വിദേശ നിക്ഷേപം അനുവദിക്കാനുള്ള കേന്ദ്ര സർക്കാരിന്റെ തീരുമാനം ഉപഭോക്തൃ സംസ്ഥാനമായകേരളത്തിന്റെ സാമ്പത്തിക ഭദ്രതയേയും ചെറുകിട കച്ചവടക്കാരേയും ഏതെല്ലാം നിലയിൽ ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; | (എ) ഉണ്ട്.<br>ചെറുകിട വ്യാപാരമേഖലയിൽ വിദേശനിക്ഷേപം അനുവദിക്കാനുള്ള കേന്ദ്ര സർക്കാരിന്റെ തീരുമാനം ഉപഭോക്തൃ സംസ്ഥനമായ കേരളത്തിന്റെ സാമ്പത്തിക ഭദ്രതയെ ബാധിക്കുമെന്നതിനാൽ ചെറുകിട വ്യാപാര മേഖലയിൽ വിദേശ നിക്ഷേപം അനുവദിക്കേണ്ട എന്നതാണ് കേരള സർക്കാരിന്റെ നയം. |
| (ബി) പ്രസ്തുത തീരുമാനം, നിത്യോപയോഗ സാധനങ്ങളുടെ വിലപൂർണ്ണമായും ബഹുരാഷ്ട്ര കുത്തകകൾ തീരുമാനിക്കുന്നതിലേക്ക് നയിക്കും എന്ന് അറിയുമോ;<br><br>(സി) കർഷകരിൽ നിന്ന് വിളവെടുപ്പ് ഘട്ടത്തിൽ നാമമാത്രമായ വില നൽകി ഉല്പന്നങ്ങൾ ശേഖരിക്കുകയും മാർക്കറ്റിൽ ദൗർലഭ്യം സൃഷ്ടിച്ച് കൊള്ളലാഭം കൊയ്യുകയും ചെയ്യുന്ന രീതിയ്ക്ക് സംസ്ഥാനത്തെഉപഭോക്താക്കളെ വിട്ടുകൊടുക്കാതിരിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ? | (ബി) & (സി) ചെറുകിട വ്യാപാര മേഖലയിൽ വിദേശ നിക്ഷേപം അനുവദിച്ചാൽ നമ്മുടെ സംസ്ഥാനത്തെ ചെറുകിട വ്യാപാര മേഖലയിലുള്ള കച്ചവടങ്ങൾ പൂർണ്ണമായും നിന്നു പോകാനും നിത്യോപയോഗ സാധനങ്ങൾക്കായി വൻകിട മേഖലയിലുള്ള കച്ചവടങ്ങളെ ആശ്രയിക്കേണ്ടതായും വരുമെന്നും, അങ്ങനെ വരുമ്പോൾ നിത്യോപയോഗ സാധനങ്ങളുടെ വില നിർണ്ണയം പൂർണ്ണമായും ബഹുരാഷ്ട്ര കുത്തകകളുടെ നിയന്ത്രണത്തിലാകുമെന്നും ആശങ്കയുണ്ട്. ഇത് മുന്നിൽ കണ്ട് ചെറുകിട മേഖലയിൽ വിദേശ നിക്ഷേപം തടയാനും ചെറുകിട വ്യാപാര മേഖലയ്ക്ക് ആവശ്യമായ പ്രോത്സാഹനം നൽകി നിലനിർത്തുന്നതിനുമാണ് സർക്കാർ ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ